# Press Release 23.10.2020



# കേന്ദ്രീകൃത കസ്റ്റഡി, ചോദ്യം ചെയ്യൽ കേന്ദ്രം (ഐസിസിസി).

കസ്റ്റഡി മരണങ്ങൾ, കസ്റ്റഡി മർദ്ദനങ്ങൾ, മൂന്നാംമുറ ഇവയൊക്കെ പലപ്പോഴും പോലീസിനെതിരെ ഉയരുന്ന ആരോപണങ്ങളാണ്. ഇനി അതെല്ലാം പഴങ്കഥയാകും. ഇന്ത്യയിലെ ഏറ്റവും മികച്ച പോലീസ് എന്ന ബഹുമതി താണ്ടി ഇനി ലോകത്തിലെ ഏറ്റവും മികച്ച പോലീസ് എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു പ്രധാന നാഴികക്കല്ല് പിന്നിടുകയാണ് കേരളാ പോലീസ്, അതും തൃശൂരിൽ നിന്ന്.

കുറ്റകൃത്യങ്ങൾ സംഭവിക്കാതെ തടയുക, അതേ സമയം കുറ്റകൃത്യം സംഭവിച്ചാൽ ഉത്തരവാദികളെ കണ്ടെത്തുന്നതിന് കൃത്യവും സമഗ്രവുമായ അന്വേഷണം നടത്തുക. ഇവ രണ്ടും പോലീസിന്റെ ഏറ്റവും പ്രധാനപ്പെട്ട ഡ്യൂട്ടികളാണ്.

പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി കുറ്റകൃത്യം ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന, അല്ലെങ്കിൽ സംശയാസ്പദമായ വ്യക്തികളെ പോലീസിന് അറസ്റ്റുചെയ്യേണ്ടി വന്നേക്കാം. ഇത്തരത്തിൽ പോലീസുദ്യോഗസ്ഥർ അറസ്റ്റു ചെയ്യപ്പെടുന്ന വ്യക്തികളെ അതാതു പോലീസ് സ്റ്റേഷനുകളുടെ ലോക്കപ്പുകളിൽ പ്രവേശിപ്പിക്കപ്പെടുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നതാണ് പതിവ് രീതി. കസ്റ്റഡി മർദ്ദനം, മൂന്നാംമുറ, കസ്റ്റഡി മരണങ്ങൾ ഇത്തരം ആരോപണങ്ങളെല്ലാം സംഭവിക്കുന്നത് ഇവിടെ വെച്ചാണ്. ചോദ്യം ചെയ്യുന്നതിൽ അവലംബിക്കുന്ന പരമ്പരാഗത രീതികൾ, അറസ്റ്റുചെയ്യപ്പെടുന്ന വ്യക്തികളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് അന്വേഷണോദ്യോഗസ്ഥനും സഹപ്രവർത്തകർക്കും വ്യക്തമായ ധാരണയില്ലായ്ക, കുറ്റകൃത്യം ചെയ്തുവെന്ന് തെളിയിക്കുന്നതിൽ


**Thrissur City Police**

Phone: 0487 **2423511**
E-mail address :cptsr.pol@kerala.gov.in
Website : www.thrissurcitypolice.gov.in
Facebook : /thrissurcitypolice
Twitter : /tsrcitypolice

പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി കുറ്റകൃത്യം ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന, അല്ലെങ്കിൽ സംശയാസ്പദമായ വ്യക്തികളെ പോലീസിന് അറസ്റ്റുചെയ്യേണ്ടി വന്നേക്കാം. ഇത്തരത്തിൽ പോലീസുദ്യോഗസ്ഥർ അറസ്റ്റു ചെയ്യപ്പെടുന്ന വ്യക്തികളെ അതാതു പോലീസ് സ്റ്റേഷനുകളുടെ ലോക്കപ്പുകളിൽ പ്രവേശിപ്പിക്കപ്പെടുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നതാണ് പതിവ് രീതി. കസ്റ്റഡി മർദ്ദനം, മൂന്നാംമുറ, കസ്റ്റഡി മരണങ്ങൾ ഇത്തരം ആരോപണങ്ങളെല്ലാം സംഭവിക്കുന്നത് ഇവിടെ വെച്ചാണ്. ചോദ്യം ചെയ്യുന്നതിൽ അവലംബിക്കുന്ന പരമ്പരാഗത രീതികൾ, അറസ്റ്റുചെയ്യപ്പെടുന്ന വ്യക്തികളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് അന്വേഷണോദ്യോഗസ്ഥനും സഹപ്രവർത്തകർക്കും വ്യക്തമായ ധാരണയില്ലായ്ക, കുറ്റകൃത്യം ചെയ്തുവെന്ന് തെളിയിക്കുന്നതിൽ ശാസ്ത്രീയ രീതികൾ അവലംബിക്കാതിരിക്കുക ഇവയെല്ലാം പോലീസിനെതിരായ ആരോപണങ്ങൾക്ക് കാരണമാകുന്നു.

ഇതിനുള്ള പരിഹാരമാണ് തൃശൂർ രാമവർമ്മപുരത്ത് ആരംഭിക്കുന്ന ആധുനിക ചോദ്യംചെയ്യൽ മുറിയും കേന്ദ്രീകൃത കസ്റ്റഡി സംവിധാനവും (MODERN INTERROGATION ROOM & CENTRAL CUSTODIAL FACILITY). റിഫ്ലക്ഷൻ എന്നാണ് കേന്ദ്രത്തിനു നൽകിയിരിക്കുന്ന പേര്.

സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻഫണ്ടിൽ വകയിരുത്തി, തൃശൂർ സിറ്റി പോലീസ് എ.ആർ ക്യാമ്പിനു സമീപം രാമവർമ്മപുരത്താണ് 79.25 ലക്ഷം രൂപ ചിലവിൽ കെട്ടിടവും അനുബന്ധ പ്രവർത്തികളും പൂർത്തിയാക്കിയത്.

കെട്ടിടത്തിന്റെ ഉദ്ഘാടനം, 2020 ഒക്ടോബർ 26 ന് രാവിലെ 11.30ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിക്കും. മന്ത്രിമാരായ എ.സി. മൊയ്തീൻ, വി.എസ്. സുനിൽകുമാർ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ IPS തുടങ്ങിയവരും പങ്കെടുക്കും.

**<u>സവിശേഷതകൾ.</u>**

പ്രതികളെ പാർപ്പിക്കുന്നതിന് കെട്ടിട സമുച്ചയത്തിൽ പ്രത്യേകമായി സജ്ജീകരിച്ച മുറികൾ.

കെട്ടിടത്തിന്റെ ഗെയിറ്റ് മുതൽ , അകവും പുറവും വരാന്തകളും 360° സിസിടിവി ക്യാമറ നിരീക്ഷണത്തിലാകും. കേന്ദ്രത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന പ്രതികൾ, ഏതെല്ലാം ഉദ്യോഗസ്ഥർ പ്രതികളുടെ അടുത്തേക്ക് വരുന്നു എന്നു തുടങ്ങി, 24 മണിക്കൂറും റെക്കോഡ് ചെയ്യുന്ന വീഡിയോ ദൃശ്യങ്ങൾ പോലീസിനെതിരെ ഉയരുന്ന ആരോപണങ്ങളെ ചെറുക്കാൻ ഉപകാരപ്പെടും.

ആധുനിക രീതിയിൽ സജ്ജീകരിച്ച ചോദ്യം ചെയ്യൽ മുറിയാണ് ഇവിടുത്തെ മറ്റൊരു സവിശേഷത. ചോദ്യം ചെയ്യുന്ന ഉദ്യോഗസ്ഥനെ ചോദ്യം ചെയ്യപ്പെടുന്നയാൾക്ക് കാണാൻ കഴിയുകയില്ല. ചോദ്യം ചെയ്യുന്ന വിവരങ്ങളും പ്രതികൾ പോലീസിന് നൽകുന്ന മൊഴികളും ഓഡിയോ - വീഡിയോ സംവിധാനം വഴി രേഖപ്പെടുത്തും. ഇത്തരം തെളിവുകൾ കേസന്വേഷണത്തിൽ വിജയകരമായി ഉപയോഗപ്പെടുത്താനാകും.

കേന്ദ്രത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന പ്രതികളുടെ ആരോഗ്യസ്ഥിതി പരിശോധിക്കുന്നതിന് സംവിധാനം. ചോദ്യം ചെയ്യുന്നതിനുമുമ്പും ശേഷവും മെഡിക്കൽ പരിശോധന.

**<u>മറ്റ് സവിശേഷതകൾ.</u>**

പ്രതികളുടെ ഫോട്ടോ, വീഡിയോ റെക്കോഡിങ്ങ് സംവിധാനം.

വിരലടയാളം രേഖപ്പെടുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും സംവിധാനം.

അപകടങ്ങൾ, സമാനമായ മറ്റ് സംഭവങ്ങൾ ഉണ്ടാകുമ്പോൾ പ്രവർത്തിക്കുന്ന സുരക്ഷാ അലാറാം.

24 മണിക്കൂറും സുരക്ഷ നിർവ്വഹിക്കുന്നതിന് ഗാർഡ് പോലീസുദ്യോഗസ്ഥരുടെ സേവനം.

കേന്ദ്രത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനും, സുരക്ഷ ഏകോപിപ്പിക്കുന്നതിനും കേന്ദ്രീകൃത കൺട്രോൾ റൂം.

**<u>പ്രത്യേക മാർഗരേഖ.</u>**

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള ബ്യൂറോ ഓഫ് പോലീസ് റിസർച്ച് & ട്രെയിനിങ്ങ് (BPRD) പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പൂർണമായും ഉൾക്കൊണ്ടുകൊണ്ടാണ് കേന്ദ്രം പ്രവർത്തിക്കുന്നതിനുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെടേണ്ട പ്രതികൾ ആരൊക്കെ, പ്രതികളെ നിരീക്ഷിക്കേണ്ട രീതികൾ, ചോദ്യം ചെയ്യൽ രീതികൾ, കേന്ദ്രത്തിന്റെ ഭരണ രീതി. പ്രതികൾക്ക് ഭക്ഷണം, വെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള സംവിധാനം, ചോദ്യം ചെയ്യൽ പൂർത്തിയാക്കിയ ശേഷം വിട്ടയക്കുന്നതിനുള്ള രീതികൾ, കൂടിക്കാഴ്ച - വാർത്താവിനിമയ രീതികൾ, കേന്ദ്രത്തിന്റെ നടത്തിപ്പും മേൽനോട്ടവും, സുരക്ഷ ഒരുക്കുന്നതിന് അനുവദനീയമായ പോലീസുദ്യോഗസ്ഥരുടെ എണ്ണം തുടങ്ങിയ കാര്യങ്ങൾ മാർഗരേഖയിൽ വിശദമായി പരാമർശിച്ചിരിക്കുന്നു.

**<u>ലക്ഷ്യങ്ങൾ.</u>**

വിശ്വസനീയവും കാര്യക്ഷമവുമായ കസ്റ്റഡി-ചോദ്യം ചെയ്യൽ കേന്ദ്രം സ്ഥാപിക്കുന്നതിലൂടെ പോലീസുദ്യോഗസ്ഥരുടെ ഔദ്യോഗിക ജോലികളിലും നിയമാനുസൃത പ്രവർത്തനങ്ങളിലും സുരക്ഷിതത്വം ഉറപ്പാക്കുക.

കാര്യക്ഷമവും ശാസ്ത്രീയവുമായ ചോദ്യം ചെയ്യൽ സംവിധാനം നടപ്പാക്കുക.

കസ്റ്റഡി മരണങ്ങൾ ഇല്ലാതാക്കുക.

പോലീസ് കസ്റ്റഡിയിൽ മനുഷ്യാവകാശ ലംഘനങ്ങളും, അതിക്രമങ്ങളും ഇല്ലാതാക്കുക.

ഭദ്രവും സുരക്ഷിതവും വൃത്തിയുള്ളതുമായ പോലീസ് കസ്റ്റഡി സംവിധാനം നിലനിർത്തുക.

പോലീസ് കസ്റ്റഡി നടപടിക്രമങ്ങളിൽ സംസ്ഥാനവ്യാപകമായി ഏകീകൃത സ്വഭാവം കൊണ്ടുവരിക.